പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6241 31.10.2011 - ൽ മറുപടിക്ക്

## എ.ഇ.ഒഴിവുകളിൽ നിയമനം നടത്താൻ നടപടി.

ചോദ്യം ഉത്തരം

ശ്രീ.എ.എ.അസീസ് ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | (എ) | ഉണ്ട്. |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഇനിയും നിയമനങ്ങൾ പുനർ വിന്യാസം വഴിയും കരാർ നിയമനം വഴിയും നടത്തേണ്ടതിന്റെ ആവശ്യകത ഉണ്ടോ; നിലപാട് വിശദീകരിക്കാമോ; | (ബി) | ഇല്ല. |
| (സി) | മറ്റ് വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി നേരത്തേ നിയമിതരായവരിൽ ഭൂരിപക്ഷം പേരും കോടതി ഉത്തരവ് മുഖാന്തിരം മാതൃവകുപ്പുകളിലേക്ക് | (സി) | പുനർ വിന്യാസം ആവശ്യമില്ല. |

| | | | |
|---|---|---|---|
| | തിരികെപോയസാഹചര്യത്തിൽ പുനർ വിന്യാസം തുടരുന്നതിന്റെ പ്രസക്തി വ്യക്തമാക്കാമോ; | | |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ വകുപ്പിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി ക്ക് എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇപ്പോൾ നിലവിലുള്ളതും 2012 മാർച്ച് വരെയുള്ള സൂപ്പർ ന്യൂമററി തസ്തികകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ള 243 ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ ലഭിച്ചുകഴിഞ്ഞാലും 48 ഒഴിവുകൾ നിലനിൽക്കും. ഇത് PWD , Irrigation വകുപ്പിൽ നിന്ന് ജൂനിയർ ആയി അബ്സോർബ് ചെയ്ത അസിസ്റ്റന്റ് എഞ്ചിനിയർമാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സ്റ്റേ ഉത്തരവ് മൂലം മാതൃ വകുപ്പുകളിൽ തുടരുന്നതുമൂലമാണ്.<br>സുപ്രീംകോടതിയുടെ അന്തിമ ഉത്തരവ് ലഭിക്കുന്നത് വരെ തൽ സ്ഥിതി തുടരുക മാത്രമേ നിർവ്വാഹമുള്ളൂ. |
| (ഇ) | ഓരോ പഞ്ചായത്തിനും ഓരോ എ.ഇ. മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ